63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025

Item Code: 643 Participant Code: 312

വിഷയം – മാതൃഭാഷയുടെ വികാസം എന്റെ കാഴ്ചപ്പാടിൽ

## മാറുന്ന ലോകവും മാറുന്ന മലയാളവും

ഭാഷ എന്നത് ആശയവിനിമയത്തിനായി മനുഷ്യൻ സൃഷ്ടിച്ച ഉപാധിയാണ്. ഒരുവനെ സംബന്ധിച്ചിടത്തോളം അവന്റെ മാതാവിന്റെ ഭാഷയാണ് മാതൃഭാഷയെന്നാണ് പൊതുവെ അംഗീകരിച്ചിരിക്കുന്ന വാദം. എന്നാൽ ഒരോ ഭാഷയുടെയും ആവിർഭാവം മുതലി-ങ്ങോട്ട് സാംസ്കാരിക സമന്വയങ്ങൾക്കും , പദസമ്പത്തിന്റെ പരസ്പരമുള്ള കൈമാറ്റങ്ങൾക്കും വിധേയമായിട്ടുണ്ട്. ഇങ്ങനെയാണ് ഭാഷയുടെ വികാസം സാധ്യമാകുന്നത്. അതിനാൽ മറ്റൊരു ഭാഷയുമായും ബന്ധമില്ലാത്ത ഭാഷകൾ വിരളമാണെന്നു തന്നെ പറയാം.

മലയാളം എന്ന നമ്മുടെ മാതൃഭാഷ ദ്രാവിഡിയൻ ഭാഷാ ഗോത്രത്തിൽ പെടുന്നതാണ്. തമിഴ് - സംസ്കൃത ഭാഷകളുടെ സ്വാധീനം മലയാളത്തി-

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

ന്റെ വളർച്ചയിൽ കാണുവാൻ സാധിക്കും. വട്ടെഴുത്ത്, കോലെഴുത്ത്, മണിപ്രവാളം തുടങ്ങിയ രചനാശൈലികളുടെ പരിണാമവും മലയാളഭാഷയുമായി ബന്ധപ്പെട്ട് കിടക്കുന്നു. നിരവധിയായ വൈദേശിക ബന്ധങ്ങളുടെ വേദിയായ കേരളത്തിൽ, അറബി - പോർച്ചുഗീസ് - ഡച്ച് - ഇംഗ്ലീഷ് ~~ഭാഷയുടെ സ്വ~~ ഭാഷകളുടെ സ്വാധീനവും മലയാളത്തിന്റെ വളർച്ചയിലുണ്ട്. 'കുരിശ്, കൊന്ത, അലമാര', തുടങ്ങി പല പദങ്ങളും ഇത്തരത്തിൽ നമ്മുടെ ഭാഷയുടെ ഭാഗമായതാണ്. ഇന്ത്യയിൽ തന്നെ ഇത്രയധികം സമന്വയങ്ങൾക്ക് വിധേയമായ ഭാഷകൾ വളരെ വിരളമാണ്.

ഇന്ന് നാം ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ രണ്ടാം ദശകത്തിൽ എത്തിനിൽക്കുമ്പോൾ, കഴിഞ്ഞ പത്തോ ഇരുപതോ വർഷങ്ങൾകൊണ്ട് മലയാളഭാഷയുടെ സർവ്വമേഖലകളിലും വലിയ പരിണാമം സംഭവിച്ചിട്ടുണ്ട് എന്നത് വളരെ പ്രകടമാണ്. ഇതുവരെ ഇല്ലാതിരുന്ന ശൈലികൾ മലയാള ഭാഷയുടെ ഭാഗമാവുകയും, വാക്കുകൾക്ക്

പുതിയ അർത്ഥങ്ങൾ കൈവരികയും ചെയ്തിട്ടുണ്ട്. 'തേപ്പ്' എന്ന പദം ചതിയുടെയും പ്രതീകമാവുകയും 'തള്ള്' പൊങ്ങച്ചത്തിന്റെയും പ്രതീകമായത് അങ്ങനെയാണ്. ലോകത്തിലെ എല്ലാ ഭാഷയിലും സംഭവിക്കുന്നത് പോലെ 'ജെൻ സി', 'ജെൻ ആൽഫ' പദങ്ങൾ എന്ന പുതിയതലമുറയുടെ പദങ്ങൾ മലയാളികളുടെ, പ്രത്യേകിച്ച് യുവതലമുറയുടെ ഭാഗമാവുകയാണ്. ഇന്റർനെറ്റിന്റെയും, ടെക്സ്റ്റിംഗ് ആപ്പുകളുടെയും ആവിർഭാവത്തോടെ ഇംഗ്ലീഷ് ലിപിയോടു കൂടിയ മലയാളം ഭാഷയായ 'മംഗ്ലീഷ്' ന് തുടക്കം കുറിക്കുകയുണ്ടായി. ഇതും ഇന്ന് മലയാളിയുടെ നിത്യജീവിതത്തിന്റെ ഭാഗമാണ്. ഇന്ന് മലയാളഭാഷയിൽ രൂപപ്പെടുന്ന രചനകൾക്ക്, അവയുടെ ശൈലിക്ക്, കുറച്ചുനാൾ മുൻപിറങ്ങിയ രചനകളുമായി വലിയ വ്യത്യാസമുണ്ട്. എന്തിനേറെ, നമ്മുടെ മലയാളം പാഠപുസ്തകങ്ങളിലും പാഠ്യപദ്ധതിയിലും ഈ പരിണാമത്തെ നമ്മുക്ക് കാണുവാൻ സാധിക്കും.

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാമത് കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025

Item Code: 643 Participant Code: 312.

മലയാള ഭാഷയിൽ അടുത്തിടെ നടന്ന ഈ വ്യത്യാസങ്ങൾ, മാറ്റങ്ങൾ, പരിണാമങ്ങൾ നാളെ ഈ ഭാഷയ്ക്ക് സംഭവിച്ചേക്കാവുന്ന മാറ്റങ്ങളുടെ ദിശാസൂചികയാണ്. ഭാഷ, പ്രപഞ്ചം പോലെ വികസിച്ചുകൊണ്ടിരിക്കുമ്പോൾ, ഭാഷയിൽ പുതിയ കൂട്ടിച്ചേർക്കലുകളും, കാലാനുസൃതമായ ഒഴിവാക്കലുകളും ~~അത്യന്താപേക്ഷി~~ അത്യന്താപേക്ഷിതമാണ്. എങ്കിൽ മാത്രമേ ഭാഷയ്ക്ക് വളർച്ചയുണ്ടാകൂ. അല്ലാത്തപക്ഷം അവ മുരടിച്ചുപോവും.

മലയാളം എന്ന നമ്മുടെ മാതൃഭാഷയിൽ സംഭവിക്കുന്ന ഇത്തരം മാറ്റങ്ങൾ അതിന്റെ വികാസത്തിന്റെ ഭാഗമാണ്. എന്റെ കാഴ്ചപ്പാടിൽ മലയാളത്തിന്റെ മൂല അടിസ്ഥാനഘടനയ്ക്കും അതിന്റെ ~~സ~~ നിലവിലുള്ള സൗന്ദര്യത്തിനും കോട്ടം തട്ടാതെവേണം ഈ വികാസം സംഭവിക്കേണ്ടത്. ഈ വളർച്ചയോടൊപ്പം അതിന്റെ ~~ആത്മാവിന്~~ ഘടനയെ അറിയാനും ബഹുമാനിക്കാനും നാം തയ്യാറ തയ്യാറാകേണ്ട-

(This page will be scanned to publish the article in Schoolwiki. So write neatly. Don't fold paper. Don't write overleaf)

തുണ്ട്. പുതിയ രചനാശൈലികൾ തേടിപ്പോകുമ്പോഴും മുൻപ് നിലനിന്നവയെപ്പറ്റി നമുക്ക് ബോധ്യമുണ്ടാകണം. നിർഭാഗ്യവശാൽ ഇന്ന് ഈ 'പഴയതും', പുതിയതും' തമ്മിലുള്ള പരസ്പര ബഹുമാനം ഇന്നില്ല. പഴയതലമുറ പുതിയരീതിയെയും പുതിയതലമുറ പഴയരീതിയെയും അന്യോന്യം കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇത് കാലത്തിനനുസൃതമാണെന്ന് മനസ്സിലാക്കാതെ പരസ്പരം കലഹിക്കുന്നു. ഭാഷയുടെ പോഷ. വികാസത്തെ അക്ഷരാർത്ഥത്തിൽ ഇത് പിന്നോട്ടടിക്കുന്നു. ഭാഷയുടെ വികാസത്തിന്ന് അത്യന്താപേക്ഷിതമായ, രചനാശൈലികൾ തമ്മിലുള്ള സഹവർത്തിത്വം ഇതിനാൽ അപകടത്തിലാകുന്നു.

മലയാള ഭാഷയിൽ ഇന്ന് കാണുന്ന മറ്റൊരുപ്രവണത, മറ്റ് ഭാഷയുടെ, പ്രത്യേകിച്ച് ഇംഗ്ലീഷിന്റെ വൻതോതിലുള്ള കടന്നുകയറ്റമാണ്. ആധുനിക സാങ്കേതിക വിദ്യകളിൽ പലതിനും ഇന്ന് കൃത്യമായ ഒരു മലയാളം തർജ്ജിമ സാധ്യമല്ല.

എന്നത് ഒരു യാഥാർത്ഥ്യമാണ്. വിദേശപദങ്ങൾ സ്വീകരിക്കുമ്പോഴും അതിനോടൊപ്പം പുതിയ മലയാളം പദങ്ങൾ തത്തുല്യമായി ഉണ്ടാകുന്നില്ല എന്നതാണ് മറ്റൊരു വെല്ലുവിളി. ഏതെങ്കിലും സാഹിത്യരചനകൾ എഴുതുമ്പോൾ അതിൽ പാതിയും ഇംഗ്ലീഷ് പദങ്ങൾ നിറയുന്നതിന്റെ കാരണം ഇതാണ്.

മലയാള ഭാഷയുടെ വികാസത്തിലെ മറ്റൊരു പ്രധാന വെല്ലുവിളി, ഭാരതം ശ്രേഷ്ഠഭാഷയാക്കി ആദരിച്ച നമ്മുടെ ഭാഷയുടെ മഹത്വമൊ, സൗന്ദര്യമോ മനസ്സിലാക്കാതെ ഒരു വലിയ തലമുറ ഉയർന്നുവരുന്നു എന്നാണ്. ഇന്നലെവരെ എന്തായിരുന്നു എന്നറിഞ്ഞുകൊണ്ട് നാളെയെ ~~അ~~ സൃഷ്ടിക്കാനൊന്നും ഇന്നത്തെ തലമുറ മുതിരുന്നില്ല. ഭാഷയെ അറിയാനുള്ള ഏറ്റവും മികച്ച ഉപാധിയായ വായന, ഇന്ന് യുവതലമുറയിൽ കുറയുന്നതാണ് ഇതിന് പ്രധാനകാരണം. വായനയില്ലാത്ത ~~[illegible]~~ മനസ്സ്

63rd Kerala School Kalolsavam - Jan 04 To 08, 2025 - Thiruvananthapuram

63-ാം കേരള സ്കൂൾ കലോത്സവം 2025 ജനുവരി 4 മുതൽ 8 വരെ തിരുവനന്തപുരം

5/1/2025

Item Code: 643 Participant Code: 312

ആത്മാവില്ലാത്ത ശരീരം പോലെയാണെന്ന് പറയുമ്പോൾ, അത്തരത്തിൽ ആത്മാവില്ലാത്ത ഒരു തലമുറ ഭാഷയെ വികസിപ്പിക്കുമ്പോൾ, അതിന്റേതായ അപാകതകളും പോരായ്മകളും ഉണ്ടാവുന്നതും സ്വാഭാവികം.

അനിവാര്യമായ പരിണാമം, അതിനനുസരിച്ചുള്ള വികാസം നമ്മുടെ ഭാഷയിൽ സംഭവിക്കുമ്പോൾ, ഇതിനനാനുപാതികമായി രചനയിലും പഠനത്തിലും വായനയിലും മാറ്റം വരുമ്പോൾ, മലയാണ്മയുടെ സൗന്ദര്യത്തെയും സൗരഭ്യത്തെയും മറന്നുകൊണ്ട് സ്വാഭാവികമായ അതിന്റെ മനോഹാരിതയെ കാത്തുസൂക്ഷിച്ചുകൊണ്ടുമാവണം ആ വികാസം സംഭവിക്കേണ്ടത് എന്നാണ് എന്റെ അഭിപ്രായം. കൂട്ടിച്ചേർക്കലുകളും ഉൾച്ചേർക്കലുകളും പരിണാമവും ഒഴിവാക്കലുകളും കൊണ്ട് ഒരു ഭാഷ വികസിക്കുമ്പോൾ ആ ഘടനയ്ക്ക് മാറ്റം വരാൻ പാടില്ല. അങ്ങനെ

സംഭവിച്ചാൽ അത് മലയാളത്തെ ഇല്ലാതായി
തീർക്കാനാകാം. അതുപോലെ രചനകൾ ~~ഇരു~~ കൂ-
ടെ കാര്യത്തിൽ, ആധുനിക ~~കവിത~~ രചനകൾ
ക്കൊപ്പം പഴയരചനകളെയും മനസ്സിലാക്കിക്കൊണ്ടും
സമഭാവനയോടെ നോക്കിക്കാണുവാനും സാധിക്ക-
ണം. ഈ വികാസം സംഭവിക്കുമ്പോഴും
വന്ന വഴിയെ മറക്കാൻ പാടുള്ളതല്ല.
കാലങ്ങളുടെ നവോത്ഥാനം ഉഴുതുമറിച്ച
മലയാളഭാഷയുടെ മാഹാത്മ്യത്തെ പരിപാലിച്ചുകൊ-
ണ്ട് നാളെയിലേക്ക് നാം മാറേണ്ടതുണ്ട്.
കടമ്മനിട്ട രാമകൃഷ്ണൻ ചോദിച്ചതുപോലെ
നമ്മളെങ്ങനെ ഇങ്ങനയായി തീർന്നു എന്നറിയാൻ
നാം ബാധ്യസ്തരാണ്. അന്യഭാഷാ പദങ്ങൾ
നമ്മുടെ ഭാഷയുടെ ഭാഗമാകുമ്പോഴും, പുതിയ
പദങ്ങളും ശൈലികളും മലയാളഭാഷയുടേതായും
വേണം. അതുപോലെ സ്ഥലങ്ങൾ മാറുമ്പോൾ
നതിനനുസരിച്ച് മലയാളഭാഷയ്ക്ക് പ്രാദേശികമാ-
യ മാറ്റങ്ങൾ സംഭവിക്കുന്നുണ്ട്. ഈ വൈവിധ്യ

ത്തെയും നാം സംരക്ഷിക്കേണ്ടതുണ്ട്.

കാലം മാറുമ്പോൾ, ഭാഷയ്ക്ക് വികാസം സംഭവിക്കുമ്പോൾ മലയാളം എന്ന നമ്മുടെ മാതൃഭാഷ കൂടുതൽ ബൃഹത്തും ശ്രേഷ്ഠവും മഹത്തരവുമാകട്ടെ. ലോകത്തിന്റെ ഏത് കോണിലായാലും ഏത് ആധുനികസമൂഹത്തിൽ പുലർന്നാലും മലയാളം എന്ന നമ്മുടെ ഭാഷയെ അഭിമാനത്തോടെ മുറുകെപ്പിടിക്കാൻ തക്ക തരത്തിൽ നമ്മുടെ മാതൃഭാഷ വികസിക്കട്ടെ...